നം. ICDS/A3-13628/18

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 08.08.2018
Email : swdicds@gmail.com
Phone: 0471-2346508 Fax: 0471-2346534

വനിതാ ശിശുവികസന ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം :വനിതാ ശിശുവികസന വകുപ്പ്- ഐ.സി.ഡി.എസ് - പ്രോഗ്രാം ഓഫീസർമാരുടെ വർക്ക് റിപ്പോർട്ട്, അങ്കണവാടി സന്ദർശനം എന്നിവ - സംബന്ധിച്ച്.

സൂചന 22.10.2010, 24.1.2017, 15.3.2017, 20.4.2017,15.9.2017 എന്നീ തീയതികളിലെ ഈ ഓഫീസിലെ ICDS/MC-1000/17 (1) നം. കത്തും സർക്കുലറും.

ICDS പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേയ്ക്കായി മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന സർക്കുലർ പ്രകാരം നൽകിയിട്ടുള്ളതാണ്. പ്രോഗ്രാം ഓഫീസർമാരുടെ മുൻകൂർ യാത്രാപരിപാടിയും പ്രവർത്തന റിപ്പോർട്ടും എല്ലാ മാസവും 10- ാം തീയതിയ്ക്കു മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പല ജില്ലകളിൽ നിന്നും ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ഈ സാഹചര്യത്തിൽ തിരുവനന്തപുരം, ഇടുക്കി, വയനാട് ജില്ലയിൽ നിന്നുള്ള ഏപ്രിൽ, മേയ് മാസത്തെ പ്രവർത്തന റിപ്പോർട്ടും പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ മേയ് മാസത്തെ റിപ്പോർട്ടും അടിയന്തിരമായി e-mail മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.

ലഭ്യമായ പ്രവർത്തന റിപ്പോർട്ട് പ്രകാരം പ്രോഗ്രാം ഓഫീസർമാരുടെ അങ്കണവാടി സന്ദർശനം (ആലപ്പുഴ ജില്ല ഒഴികെ) കുറവാണ് കാണുന്നത്.

പ്രോഗ്രാം ഓഫീസർമാർ ഓരോ ത്രൈ മാസത്തിലും എല്ലാ ബ്ലോക്കുകളും സന്ദർശിക്കുകയും ഓരോ ബ്ലോക്ക് സന്ദർശനത്തിലും 3 അങ്കണവാടികളെങ്കിലും ഉൾപ്പെടുത്തേണ്ടതുമാണ്. ഇതേ ക്രമത്തിൽ പ്രോഗ്രാം ഓഫീസർമാർ 1 വർഷം ജില്ലയിലെ 10% അങ്കണവാടികൾ സന്ദർശിച്ചിരിക്കണം. ഇത് കർശനമായും പാലിക്കേണ്ടതാണ് എന്നും മുൻകൂർ യാത്രാ പരിപാടി അവലോകന റിപ്പോർട്ട് എന്നിവ എല്ലാ മാസവും 10-ാം തീയതിയ്ക്കകം ഈ കാര്യാലയത്തിൽ കൃത്യമായി സമർപ്പിക്കേണ്ടതാണെന്നും ഓർമ്മപ്പെടുത്തുന്നു.

സി.ഡി.പി.ഒ മാർ ATP പ്രകാരമുള്ള അങ്കണവാടി സന്ദർശനം നടത്തുന്നുണ്ടോ എന്നത് കൂടി ബ്ലോക്ക് സന്ദർശനത്തിൽ പരിശോധിക്കേണ്ടതും പ്രോഗ്രാം ഓഫീസർമാരുടെ നിർദ്ദേശം പാലിക്കപ്പെടാത്ത സാഹചര്യം ഈ കാര്യാലയത്തിൽ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**വനിതാ ശിശുവികസന ഡയറക്ടർക്കു വേണ്ടി**

ഉള്ളടക്കം

ഉത്തരവുകളുടെ പകർപ്പ്

GB